# GOVT.SVHSS

# KUDASSANAD

# ഡിജിറ്റൽമാഗസിൻ



# മിഴി




REGNO.LK/2018/36039



# OUR PRINCIPAL

## ANANDAKUTTANUNNITHAN SIR



# ഞങ്ങളുടെ പ്രധാനാദ്ധ്യാപിക

# സലീനബീവി ടീച്ചർ

നമ്മുടെ സ്കൂളിലെ ലിറ്റിൽകൈറ്റ്സ് കൂട്ടായ്മ തയ്യാറാക്കിയ **മിഴി**

ഡിജിറ്റൽമാഗസിന് എല്ലാ ആശംസകളും അർപ്പിക്കുന്നു

## ഉള്ളടക്കം


എഡിറ്റോറിയൽ ബോർഡ്............6
ഏബൽബിജു............6
ലിറ്റിൽകൈറ്റ്സിൻെറ സാരഥികൾ............7
മിഴി............8
അവാർഡ്............9
അനശ്വരനായ സുൽത്താൻ............10
അണയുന്ന നാളം............12
ഏകാന്തവീഥി തൻ മുകമാം രാവായി കാഴ്ച............12
മിഴികൾ സാക്ഷി............13
കാഴ്ച............14
സഫലമീയാത്ര............15
MISTAKE,MISTAKE,MISTAKE............16
വിദ്യാർഥികളും വായനയും............17
നാസയുടെ അഭിമാനമായി ബാഹുബലി............19
............21
ഹൃദയ രഹസ്യം............21
കുരമ്പാലയുടെ ഐതിഹ്യം............22
തുടിതാളം തേടി............24
ചിത്രം............26
പേമാരി............31
മാഞ്ഞുപോയ ലോകം............32
എന്റെ അച്ഛൻ............33
തിരുവാതിര............35
ഡിജിറ്റൽപൂക്കളങ്ങൾ............38
പാചകവിധികൾ............40
ബാലാർക്കൻ............44
ചിത്രകഥ............46

# എഡിറ്റോറിയൽ ബോർഡ്

ആൽവിൻറെജി

വിപിൻജേക്കബ്

അനന്തു.വി

പ്രണവ്.വി

സൂരജ്.എസ്

ഏബൽബിജു

രഞ്ജിത്ത്

സാന്ദ്ര.എസ്.ആർ

അഞ്ജനാരാജൻ

# ലിറ്റിൽകൈറ്റ്സിൻെറ സാരഥികൾ

## ജെറിൻ ജോജി



## ശ്രീനാഥ്.എസ്



# മിഴി

വർണപ്പകിട്ടിന്റെ കണ്ണഞ്ചിക്കുന്ന കാഴ്ചകൾക്ക്

കടം കൊടുത്ത നമ്മുടെ മിഴികൾ...

കാണേണ്ടതിനെ കാണാതെ പോകുമ്പോൾ

ഏതിരുട്ടിലും അണയാത്ത വെളിച്ചവുമായി

നമുക്കു കൂട്ടായി, പ്രാർത്ഥനയായി ജ്വലിക്കുന്ന

മിഴികൾ...

ആ വഴിവെളിച്ചത്തിന്റെ പ്രകാശത്തിൽ

നമുക്കു യാത്ര തുടരാം..




എഡിറ്റർ

അപർണ്ണ രഞ്ജു

# അവാർഡ്




ലിറ്റിൽകൈറ്റ്സ് 2019 ആലപ്പുഴജില്ലയിലെ രണ്ടാംസ്ഥാനത്തിനുള്ള അവാർഡ് ബഹുമാനപ്പെട്ട കേരളാവിദ്യാഭ്യാസമന്ത്രിയിൽ നിന്നും ഏറ്റുവാങ്ങുന്നു



# അനശ്വരനായ സുൽത്താൻ

അനശ്വരതയിലേക്ക് മറഞ്ഞ സൂഫീ ...

നീ  ഞങ്ങൾക്കായ് തുറന്നിട്ട ലോകം.

ഒന്നും ഒന്നും ചേർന്നാൽ ഇമ്മിണി വല്യ ഒന്നാകും

എന്ന ഏകത്വത്തിന്റെ വലിയ ലോകം ..

പക്ഷേ  കരളിൽ രക്തം പൊടിച്ച് നീ  കാട്ടിത്തരാൻ

ശ്രമിച്ച ആലോകം.   ഇന്ന് ചക്രവാളം പോലെ  അടുക്കും തോറും

അകലേക്ക് അകന്നുപോകുന്നു..

സർവ ജീവനും ഈ ഭൂമിയുടെ അവകാശിക

ളെന്നു നീ ചിന്തിച്ചു,പറഞ്ഞു,പഠിപ്പിക്കാൻ ശ്രമിച്ചു.

പക്ഷേ ..വർത്തമാനത്തിൻ ഇരുണ്ട ആകാശത്തിൽ

അങ്ങയുടെ  ശബ്ദം അപഹസിക്കപ്പെടുന്നുവോ?
എല്ലാറ്റിനേയും നശിപ്പിച്ച മനുഷ്യൻ  ഏകനായ്
തീരുന്ന ലോകത്തെ നീ ഭയത്തോടെ കാട്ടിത്തരാൻ ശ്രമിച്ചു.
എന്നാൽ ഇന്ന് നിന്റെ വാക്കുകൾ മരുഭൂമിയിലെ രോദനമാകുന്നു..
മണ്ണിൽ കുരുത്ത സർവതും ഭൂമിയിലെ പൗരന്മാരാണെന്നു
നീ പഠിപ്പിച്ചു..
പക്ഷേ പുതുയുഗം വാക്കിലും വർണത്തിലും ദേശഭേദത്തിലും
ആ പൗരത്വത്തെ ചീന്തിയെറിയുമ്പോൾ
മാംഗോസ്റ്റിൻ ചുവട്ടിലെ ആനീണ്ട ചാരുകസാലയിൽ
ഒരു നെടു നിശ്വാസവുമായി നീ നിവരുന്നുണ്ടാവും...

-കെ.ശ്രീലേഖ

# അണയുന്ന നാളം



ഏകാന്തവീഥി തൻ മുകമാം രാവായി കാഴ്ച

തിന്മ തൻ അന്ധകാരത്തിൽ വർണ്ണം പൊലിയും
കാഴ്ച, ചങ്ങല വട്ടതൻ നാളം അണയുന്ന കാഴ്ച,

കരളമാം യവനികതൻ പിന്നിലേക്ക് നീങ്ങുന്ന.,
ജീവൻ തൻ നാളം, എന്തിനീ, കാഴ്ച, ലോകവും
തിന്മയി, ഇരുട്ടിലലിയാതേ?

ധരണി തൻ മനോജ്ഞതയെ,ഉണർത്താൻ കാഴ്ച,
ധരണി തൻ ഇന്നീ തന്മയിൽ അലിയാൻ കാഴ്ച,
കാഴ്ച തൻ ഏഴു വർണ്ണ ശ്യാമളത്തിൽ നിറയുന്നു

അന്ധൻ തൻ ഇരുട്ടാണ്

അനന്തു.വി



## മിഴികൾ സാക്ഷി




എന്നും നിൻ മിഴികൾക്ക്
കുളിരാകും ഞാൻ
എന്നും നിൻ മനസ്സിൽ
വിസ്മയങ്ങളുടെ ചങ്ങാതി ഞാൻ
നിൻെറ ഓരോ ദർശനത്തിലും
അലിഞ്ഞുചേർന്നിരിക്കുന്നു ഞാൻ
എൻെറ ഓരോ ദിവസവും
ധന്യമാക്കുന്നതും നീ
നിൻെറ ഓരോ യാത്രകളിലും
കൂടെയുണ്ടാകും ഞാൻ
എൻെറ ജീവനറ്റുപോം വരേ
കൂടെയുണ്ടാകും ഞാൻ
പ്രിയ സഖീ മറക്കില്ല ഞാൻ
എന്നും നിൻ കാഴ്ചകളെ നിനക്കു സ്വന്തം



-അപർണ രഞ്ജു

## കാഴ്ച



ഇന്നത്തെ  കാഴ്ചയും നാളത്തെ കാഴ്ചയും
വ്യത്യസതമാണെന്നറിഞ്ഞുകൊൾക
മാലകൾപോലെ  കോർക്കുന്ന
ചിന്തകൾ
മുത്തുകൾപോലെ   ചിതറിടുന്നു
ജീവിത  സായാഹന സ്വപ്നങ്ങളിൽ നാം
വ്യത്യസ്ത കാഴ്ചകൾ കണ്ടിടുന്നു.
മാനത്തെചന്ദ്രനും വെള്ളിത്താരങ്ങളും
കണ്ണുചിമ്മാതെന്നെ നോക്കിടുന്നു
പണ്ടത്തെ കാഴ്ചകൾ കൺഅടച്ച എൻ-
മുൻ പിൽ എന്തെനിന്ന് എന്തെനിന്ന് അറിയാതെ ഞാ
കാഴ്ചയിൽ കാണുന്ന സുന്ദരചിത്രങ്ങൾ
മുറ്റത്തിൻ വാതിൽക്കൽ വന്നു നിൽക്കും
ജീവിതസ്വപ്നത്തിൽ തളർന്നുപോയ ഞാൻ
നാലുകെട്ടിനുള്ളിൽ ഒളിച്ചിരിക്കുന്ന
മാനത്തെവെള്ളിനിലാവജ്രങ്ങളിന്നും
എന്നെ നോക്കി കണ്ണുനീർ ഇുകുന്നു
എന്തെന്നറിയില്ല ഏതിനെന്നറിയില്ലേ?



-പുണ്യ.എസ്

# സഫലമീയാത്ര

എൻ.എൻ.കക്കാടിന്റെ കാവ്യജീവിതത്തിലെ നാഴികകല്ലായി വിശേഷിപ്പിക്കപ്പെടുന്ന കവിതയാണ് സഫലമീയാത്ര രോഗബാധിതമായ ശരീരത്തോടെ ജനലഴിപിടിച്ച് മുറ്റത്തെക്കുനോക്കുന്ന കവി പ്രിയസഖിയോട് തന്റെ അടുത്തു തന്നെ നിൽക്കാൻ അവിശ്യപ്പെടുന്നു. ഏത് മിഷവും ശരീരമാകുന്ന പഴം കൂട് നീലം പതിക്കമെന്ന് കവി കണക്കുകൂട്ടുന്നു. ആദ്രമായ ആ ധനുമാസരാവിലാണ് ആതിര വരുകയും പോവുകയും ചെയ്യുന്നത് .രോഗത്തിൽ കഴിയുന്നു നാളുകളിൽ നിശബ്തമായി കടന്നു വരുന്ന ആതിരയെ ഇരകൈകളു കൊട് ഏതിരെൽക്കുകയാണ് കവി. കാരണം വരുകോല്ലം ആതിരയെ ഏതിരെല്ലക്കാൻ തനിക്കും ഭാര്യക്കും കഴിയുമോ എന്ന് കവിക്ക് വനിച്ചയമില്ല.

മനുഷ്യജീവിതം അനിശ്ചിതത്വത്തം തിരഞ്ഞതും നശ്വരവുമണ് എന്നാൽ പ്രകൃതിഭാവങ്ങൾ അനശ്വരമാണ് അത് നശ്വരമായ മനുഷ്യചേതസിനുമുന്നിലൂടെ കടന്നുപോയികൊണ്ടെയിരിക്കും എന്ന സൂചനകളാണ് ഈ വരികളിലുള്ളത്

വിപിൻ



# MISTAKE,MISTAKE,MISTAKE

If a barber make a mistake
its a new style
If a politician make a mistake
its anew law
If a scientist make a mistake
its a new invention
If a teacher make a mistake
its a new theory
If a tailor make a mistake
its a new fashion
but a student make a mistake
its a mistake

by,

Jerin joji



# വിദ്യാർഥികളും വായനയും

വായന എന്നു കേൾക്കുമ്പോൾ തന്നെ നമ്മുടെ മനസ്സിൽ ആദ്യം തെളിയുന്നത് പി എൻ പണിക്കരുടെ മഹത്തായ വചനങ്ങളാണ്

"വായിച്ചു വളരുക.

ചിന്തിച്ചു വിവേകം നേടുക"

വായിക്കണ്ടത് പാഠപുസ്തകങ്ങൾ മാത്രമല്ല ഈ പ്രപഞ്ചത്തെ തന്നെ വായിക്കണം

നമ്മുടെ തിരക്കേറി ജീവിതത്തിൽ നാം മറന്നുപോകുന്ന പ്രധാനപ്പെട്ട ഒരു കാര്യമാണ് വായന. വിദ്യാർഥികൾക്ക് വായനശീലം വളർത്തിയെടുക്കേണ്ടതുണ്ട് .പത്രം,പുസ്തകങ്ങൾ തുടങ്ങിയതെല്ലാം നാം വായിക്കേണ്ടതുണ്ട .വായന എന്നതിലൂടെ അറിവുനേടുക എന്നതു മാത്രമല്ല പ്രയെജനം.നല്ലശീലങ്ങൾ വളർത്തിയെടുക്കാനും കഴിയും.ജീവിതത്തിൽആവശ്യമായ എല്ലാ മൂല്യങ്ങളും പുസ്തകത്തിൽ നിന്നും കിട്ടും.

വായന കേവലം കൊച്ചു  കുട്ടികൾക്കു മാത്രമല്ല .കുട്ടികളിൽ തുടങ്ങി മുതിർന്നവരെ വായനശീലത്തിൽ മുഴുകണം

“വായിച്ചാലും വളരും

വായിച്ചില്ലങ്ങിലും വളരും "

“വായിച്ചാൽ വിളയും

വായിച്ചില്ലക് ൽ വളയും"

എന്ന് കുഞ്ഞുണ്ണി മാഷി  വാചകം നമ്മുടെ കാതുകളിൽ മുഴങ്ങണം. പുസ്തകങ്ങളെ ചങ്ങാതിമാരായി കണ്ടാൽ നമ്മൾ പുസ്തകങ്ങൾ വായിക്യാൻ നോക്കും.ഒരോ പുസ്തകത്തേയും കൂടുതൽ അറിയാൻ ശ്രമിക്കും

അറിഞ്ഞാൽ മാത്രം പോര അറിയുന്നതൊക്കെ നമ്മുടെ മനസ്സിൽ എന്നും സൂക്ഷിക്കണം.പുസ്തകങ്ങളിലെ വചനങ്ങൾ നമ്മുടെ ജീവിതത്തിൽനാം പ്രാവർത്തികം ആക്കണം.

ലോകം നമ്മുടെ വിരൽത്തുമ്പിൽ ഒതുങ്ങുന്ന ഈ കാലഘട്ടത്തിലും വായന നമുക്ക് കൂടുതൽ അറിവുകൾ പകർന്നു തരാൻ സഹായിക്കും

ആഡംബര സാധനങ്ങൾ വാങ്ങുമ്പോൾ ഒരോ പുസ്തകങ്ങൾ വാങ്ങിയാൽ നമുക്ക് വായനശീലം വളർത്തിയെടുക്കാൻ കഴിയും . ഫോണിൽ മുഴുകിയിരിക്കുന്നത് ആരോഗ്യപ്രശ്നത്തിന് കാരണമാകുന്നു .ആ സമയം ഒരോ പുസ്തകങ്ങൾ വായിച്ചാൽ കൂടുതൽ ആറിവുകൾ നേടാൻ സഹായകമാകും .പുസ്തകങ്ങളും വായനയും വെറുക്കാനുള്ളതല്ല കൂടുതൽ സ്നേഹിക്കാൻ ഉള്ളതാണ്.



എന്ന്,



ജെറിൻ ജോജി  SOORAJ

# നാസയുടെ  അഭിമാനമായി ബാഹുബലി

ആദ്യവിക്ഷേപണം മാറ്റിവച്ചതോടെ  ആശങ്കയുടെ കാർമേഘങ്ങൾ  ഉരുണ്ട് കൂടിയിരുന്നെങ്കിലും ഇസ്രോചെയർമാൻ ഡോ.കെ.ശിവൻ  ഉൾപ്പടെയുള്ള ശാസ്ത്രജ്ഞൻമാർക്ക്  മികച്ച ആത്മധര്യം ഉണ്ടായിരുന്നു.

ചന്ദ്രയാൻ രണ്ട് കുതിച്ചുയരുന്നത് കാണാൻ ലോകത്തിലെ നാനഭാഗത്തും നിന്നുള്ള  മാധ്യമപ്രവർത്തകർ ഉൾപ്പടെ എല്ലാവരും ഉണ്ടായിരുന്നു.അവസാനഘട്ടത്തിലെ കൗണ്ടവുൺ തുടങ്ങിയതോടെ  എല്ലാവരുടെയും കണ്ണ് ആകാശത്തേക്കായി നിമിശങ്ങൾക്കയുഗങ്ങളുടെ താമസം ഇതാ ആനിമിശം എത്തിയിരിക്കുന്നു. ഇന്ത്യൻപതാക ആലേഖനംചെയ്യ്തതോടേ ജീ.എസ്സ്.എൽ.വിയുടെ അഗ്രഭാഗം ആകാശത്തേക്കുയർന്നു. തൊട്ടടുത്തനിമിശം സ്വർണ്ണനിറമാർന്ന അഗ്നിഗോളങ്ങൾ അകമ്പടിയായി .ഓരോഇന്ത്യക്കാരനും അഭിമാനപൂർവ്വം കൈയ്യടിച്ചനിമിഷം.

ചന്ദ്രയാൻരണ്ട് വിഷേപണവിജയത്തോടെ ബഹിരാകാശരംഗത്ത് ഇന്ത്യയുടെ അഭിമാനമായി ജീ.എസ്സ്.എൽ.വി മാർക്ക്-3 റോക്കറ്റ് കണക്കുകൂട്ടിയതിനപ്പുറമുള്ള

ഭ്രമണപദത്തിലെക്ക്-3877 കിലോഭാരമുള്ള ചന്ദ്രയാൻരണ്ട്പേടകത്തേ എത്തിച്ചതോടെ ബഹ്ഉബലി എന്ന വിളിപേര് മാർക്ക്-3 സ്വന്ത മാക്കി .പൂർണ്ണമായുംഇന്ത്യൻ സങ്കേതികവിദ്യയിൽനിർമ്മിച്ച ക്രയോ ജനിക്ക്എൻജിനുള്ള ആദ്യ റോക്കറ്റ്.



ANJANARAJAN

## ഹൃദയ രഹസ്യം

നിന്നോട് പറയാനിരുന്നോരെൻ
ഹൃദയ രഹസ്യങ്ങളത്രയും
പുഴയൊഴുക്കിലോളങ്ങളായി
ദൂരേയ്ക്കകപോയ് സഖീ

മനസ്സിനെ കടലോളങ്ങളാക്കിയവയെ
കടഞ്ഞെടുക്കാനായി പാഴ്ശ്രമം
ചെയ്യുന്നേരമെനിക്കാരോ നീട്ടി
കയ്ക്കും സ്വാർത്ഥത്തിൻ

## ചായ്ക്കോപ്പ



സൗഹൃദങ്ങളൊക്കെയുമിന്നു
യാന്ത്രികബിംബങ്ങൾ,
വെറും മുഖങ്ങളായ്
മുഖം മുടികളായ്,ചുറ്റും
അട്ടഹസിക്കുന്നു

BY

ശ്രീനാഥ്.എസ്സ്



# കുരമ്പാലയുടെ ഐതിഹ്യം

ശാന്ദസുന്ദരമായ നമ്മുടെസ്കൂൾ നിലനിൽക്കുന്ന സ്ഥലമാണ് കുരമ്പാല. കുരമ്പാലയക്ക്ഈപ്പോഴത്തേപേരുവന്നതിനുപിന്നിൽ ഒരു കഥയുണ്ട്.ചോരൻപാലാ എന്നായിരുന്നു.കാലംമാറിവന്നതോടെ ചോരൻപാലകുരമ്പാലയായി.ചോരൻപാല എന്നപേര് വരാൻകാരണം ഇപ്പോഴത്തകുരമ്പാലയിൽഒരിടത്ത്ഒരു

കുളംഉണ്ടായിരുന്നആകുളത്തിൽന്നിന്ന്ആണ്ടിൽ ഒരിക്കൽ രക്തം വരുമായിരുന്നു.പഴയതലമുറ അതിനെചോരൻപാല എന്ന് വിളിച്ചുഇതാണ്കുരമ്പാല എന്നപേരിന് പിന്നിലുള്ളകഥ.

ഐതിഹ്യമനുസരിച്ച് കുരമ്പാല

പുത്തൻക്കാവ്ഭഗവതിക്ഷേത്രത്തിൽ 5 വർഷം കൂടിയിരിക്കുമ്പോൾ നരബലി (ചൂരലുരളിച്ച)നടക്കുന്നുണ്ട്.സമുദ്രനിരപ്പിൽനിന്ന് 900 അടി ഉയരത്തിലുള്ള പത്തനംതിട്ടയുടെഅഭിമാനമായ രണ്ടാമത്തേവലിയ മലനിരയാണ്ആതിരമല.ആതിരമലയ്ക്കുംപറയാനുണ്ട് ഒരു കഥ. അസുരൻമാർവസിച്ചയിടമായിരുന്നആതിരമലഅതിനാൽഅസുരമലഎന്ന്പിൽക്കത്ത്അറിയപ്പെട്ടു.2018-2019 കാലയളവിൽആതിരമല ഒരുട്ടറിസംമേഖലയായി മാറികഴിഞ്ഞു.കുരമ്പാലയുടെചുരുളഴിയാത്തഒരുപാട് ഐതിഹ്യരഹസ്യങ്ങൾ ഇനിയുംഇനിയുംബാക്കിയാണ്.

UNNIMAYA



# തുടിതാളം തേടി...

നമ്മുടെ മാതാവും-കൈരളി-പണ്ടോരു
പൊന്മണിപ്പൈതലായ് വാണകാലം-
യതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിൽ,
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങമാ-
റോടിക്കളിച്ചു രസിച്ച കാലം-
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
പാടിയിരുന്നപഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം.

പണ്ടത്തെപ്പാട്ടുകൾ (വള്ളത്തോൾ)

By



**Sujitha**

# ചിത്രം





AMAL VIJAYAN    RAHUL

BY JERIN JOJI



# പേമാരി



ഉച്ചനേരത്തോരു
കൊച്ചുമയക്കത്തിൽ
പിച്ചവെച്ചെത്തിയ കാർമുകിലേ
തല്ലിച്ചിതറുമി ചില്ലുകണക്കയെൻ

മുന്നിലുൻമാദിനിയായ് പെഴിഞ്ഞു
പൂക്കുന്നതൈമാവിൻ ചില്ലകളും
നിരന്നാടുന്നു കൈതോല കൂട്ടങ്ങളും

കാറ്റിൽ ചാഞ്ചാടിയാടും വയൽപ്പൂക്കളും
മഴപ്പെണ്ണിൻ കുളിരേറ്റു വാങ്ങുന്നുവോ
എൻ ഗതകാല സ്മരണകൾ ഉണരുന്നിതാ
മഴയൊരു ഗീതമാകുന്നുവോ
എൻ മനമൊരു മയിലായി ആടുന്നു
നിളുന്ന ചെമ്മണ്ണു പാതകളിൽ
മഴനീരു നീരു നുഴയുന്നു
നാഗത്തെപ്പോൽ

ANJU

ABEL





# മാഞ്ഞുപോയ ലോകം

മാനത്തെ പക്ഷികൾ പറന്നുപോയ്

സൂര്യനും  താന്നുപോയി.

നിഘ്ലൂടമായ രാത്രിവന്നെത്തി

മാനത്തെ  അമ്പിളിയെ  കണ്ടില്ല

എവിടെയോ  പാലപൂത്തു,

യക്ഷിയങ്ങനെ വിടർന്നു

അലഞ്ഞു  നടന്നപ്പോൾ

ANANDABINU

നാട്ടിൽ  വന്നപ്പോൾ  രൂപം മാറിയവൾ



സുന്ദരിയും സുമഗയും സുശീലയും

ആഹാ! എന്തിനുപറയുന്നു

ATHULYA




# എന്റെ അച്ഛൻ



എനിക്ക് വേദനിക്കുമോയെന്ന്
ഭയന്ന്
അമ്മയുടെ വയറിൽ പതിയെ തഴുകിയ
അച്ഛന്റെ സ്നേഹമെൻ ആദ്യ പാഠം
പത്തുമാസം ചുമന്ന കഥ അമ്മ
പലവട്ടം പറഞ്ഞിട്ടും പേറ്റാൻ
രാത്രിയെപ്പോലും പകലാക്കിയ എൻ അച്ഛൻ
ഇന്നോളം പരിഭവമൊന്നു പറഞ്ഞു കേട്ടിട്ടില്ല
പത്തുമാസം ചുമന്നില്ല
നൊന്തു പ്രസവിച്ചതുമില്ല
എങ്കിലും കടലോളം സ്നേഹമാണ് ആ നെഞ്ചിൽ
തെറ്റുകൾ കാണിക്കുമ്പോൾ തല്ലുന്ന കൈകൾ
തന്നെയാണ് ഞാൻ ഉറങ്ങിയപ്പോൾ
എന്നെ തലോടിയതും

**KAVYA S**






ALWYN



# തിരുവാതിര



കേരളത്തിലെ സവർണസ്ത്രീകൾ പരമ്പരാഗതമായി ആഘോഷിച്ചുവരുന്ന ഒരുത്സവമാണ്

ധനുമാസത്തിലെ തിരുവാതിര .ശ്രീപരമേശ്വരന്റെ പിറന്നാളായിട്ടാണ് തിരുവാതിര

ആഘോഷിച്ചത്.അന്ന് ശിവനോട് ചേരുന്നു എന്നു

വിശ്വസിക്കുന്നത്.മാത്രമല്ല,സൃഷ്ടിക്കു പ്രാരംഭമായി ഒമ്പതുശക്തികളെയും ശിവൻ ലയിപ്പിച്ചത്

തിരുവാതിര നാളിലാണത്രെ.

ബാലഗോപാലനെ ഭർത്താവായി കിട്ടാൻ ഗോപസ്ത്രീകൾ കാർത്ത്യായനീപൂജ നടത്തിയുംകാമദേവനു പുനർജന്മം നൽകിയതും ശിവനും പാർവ്വതിയും തമ്മിലുള്ള കല്യാണം നടന്നതും കാളക്കൂടം കഴിച്ച പരമേശ്വരനുണ്ടായേക്കാവുന്ന ദോഷഫലങ്ങൾ ഒഴിവാക്കാൻ പാർവ്വതി ഉറക്കമൊഴിഞ്ഞ് വ്രതമനുഷ്ഠിച്ച്

പ്രാർത്ഥിച്ചതുമെല്ലാം ധനു-മാസത്തിലെതിരുവാതിരനാളിലായിരുന്നു എന്ന് പുരാണം

ഉദ്ഘോഷിക്കുന്നു.

ധനുമാസത്തിലെ തിരുവാതിര മലയാളിമങ്കയ്ക്ക് ഉത്സവദിനം

തന്നെയാണ്.വിവാഹജീവിതം

സുഖപ്രദമാക്കുന്നതിന് ശിവനെ പുജിക്കുകയാണ്

തിരുവാതിരമഹോത്സവത്തിന്റെ ലക്ഷ്യം.

ഉത്തമനായ ഭർത്താവിനെലഭിക്കാനാണ് പൂത്തിരുവാതിര

ആഘോഷിക്കുന്നതെങ്കിൽ

ഭർത്താവിന്റെ ആയുരാരോഗ്യസൗഖ്യത്തിനാണ് **SIVAPRIYA**


പുത്തൻതിരുവാതിര

ആഘോഷിക്കുന്നത്.





**SANDRA R**





**KANNAN**

**PRANAV TP**



# വന്നണയുന്ന ഭാഗ്യം

ഒരു രാത്രി കൊഴിയുമ്പോൾ
ഒരു പകലെത്തും
ചെറു പറവകൾ പാടുമ്പോൾ
ഒരു പുലരി ഉദിക്കും
ഒരു പൂക്കാലം അണയുമ്പോൾ
ചെറു ശലഭങ്ങൾ പാറിവരും
ഒരു തൈ പൊടിക്കുമ്പോൾ
ഒരു തണൽപ്പന്തൽ നീർന്നുവരും
കടലോളം കുളിരണിയും
കനവുകൾ പൂത്തുലയും


SANDRA S R



# ഡിജിറ്റൽപൂക്കളങ്ങൾ









UDHAI KRISHNAN




PRANAV V



# My soulmate is a pligrim

My soulmate is a pilgrim
He explores the zodiac’s constellations
Not always in our owm milky way
he trellis his journey’s enlighten mankind
Because he aims his bow hunting faith
And swins with emotional artistry in pisces
He judges nanlind with libran scales
As he admires beauty while visiting taurus
By capricorn he calculates the distance to travel
with gemini he knows about all the heavens
in aquarius he will always be courageous and cool
my soulmate tells no secrets
The cancer crab brings him home
He enters earth as leo the lion
Then jupiter conjoinrd venus
Making it event the bringtest lights in heaven
so the  maggi would find divine child
My solumate is that deity
He rids on the tail of the comets
one day he will come again ........

JISHNU





NANDU



# പാചകവിധികൾ

## നെയ്പായസം

നെയ്യ് :150 ഗ്രാം

ഉണക്കലരി :1/2 കിലോഗ്രാം

ശർക്കര :1 കിലോഗ്രാം

കൊട്ടത്തേങ്ങ :1 മുറി

അണ്ടിപ്പരിപ്പ് ,ഉണക്കമുന്തിരി :50 ഗ്രാം വീതം

ഉരുളിയിൽ വെള്ളം തിളപ്പിച്ച് അരി കഴുകിയിടുക വെന്തുകഴിഞ്ഞാൽ ശർക്കരയും നെയ്യും ചേർത്തിളക്കണം .അത് നന്നായി വരട്ടിയശേഷം ചെറുകഷണങ്ങളാക്കി അരിഞ്ഞ കൊട്ടത്തേങ്ങ ഇളക്കി യോജിപ്പിക്കുക . അടുപ്പത്തുനിന്നും വാങ്ങിയ ശേഷം നെയ്യിൽ വറുത്തെടുത്ത അണ്ടിപ്പരിപ്പും മുന്തിരിയും ചേർത്തിളക്കി ഉപയോഗിക്കാവുന്നതാണ്

## കാളൻ

ചേന :150 ഗ്രാം

| | |
|---|---|
| നേന്ത്രക്കായ | :2 എണ്ണം |
| തേങ്ങ | :1 എണ്ണം |
| തൈര് | :2 കപ്പ് |
| കുരുമുളകുപൊടി | :2 ടീസ്പൂൺ |
| | 36 |
| വറ്റൽമുളക് | :2 എണ്ണം |
| ജീരകം | :1/2 ടീസ്പൂൺ |
| മഞ്ഞൾപ്പൊടി | :1 ടീസ്പൂൺ |
| ഉലുവ | :1 ടീസ്പൂൺ |
| കടുക് | :1 ടീസ്പൂൺ |
| എണ്ണം | :2 ടേബൾ സ്പൂൾ |

ചേനയും നേന്ത്രക്കായും അധികം ചെറുതല്ലാത്ത കഷ്ണങ്ങളാക്കി അരിഞ്ഞ് , മഞ്ഞൾപ്പൊടിയും , ഉപ്പും ,കുരുമുളകുപൊടി വെള്ളത്തിൽ കലക്കി അരിച്ചെടുത്തതും ചേർത്ത് വേവിക്കുക .വെള്ളം വറ്റിയാൽ തൈര് ഒഴിച്ച് വറ്റുന്നതുവരെ ഇളക്കുക . അതിലേക്ക് തേങ്ങയും ജീരകവും നന്നായി അരച്ചെടുത്തത് ചേർത്ത് ഇളക്കുക . ചൂടാക്കിയ എണ്ണയിൽ കടുക് ,ഉലുവ ,വറ്റൽമുളക് , കറിവേപ്പില എന്നിവ മൂപ്പിച്ചെടുത്തത്

**ചേർക്കുക.**

## <u>മാങ്ങാ വറ്റൽ</u>

മാങ്ങ :1 കിലോ

ഉപ്പ് : ആവിശ്യത്തിന്

ചെറു കഷണങ്ങളാക്കിയ മാങ്ങ ഉപ്പിൽ കുഴച്ച് ഒരു രാത്രി മുഴുവൻ വയ്ക്കുക . പിറ്റേ ദിവസം വെയിലത്തുവച്ച നല്ല മുറുക്കമാവുന്നതുവരെ ഉണക്കിയശേഷം എടുത്തുവയ്ക്കാവുന്നതാണ്

ആനന്ദ്.എസ് SWATHY GOWRI







അനശ്വരനായ വയലിനിസ്റ്റ്
ശ്രീ . ബാലഭാസ്ക്കറിനെ
അനുസ്മരിച്ചുകൊണ്ട്.......

# ബാലാർക്കൻ

പ്രിയ കൂട്ടുകാരാ........
നിൻ തന്ത്രിയിലുണരും
നാദ മയൂഖങ്ങളെവിടെ?.....
പുഞ്ചിരിതൂകി നീ ആനന്ദക്കടലാക്കും
വേദികളിനിയുമുണ്ടാമോ......
എന്നിലെ എന്നിൽ നീ...
അലിയിച്ചൊരാനാദ
മഞ്ജിമ എന്നുമുണരും
കരാളദുരന്തമേ നീയാഗാന
സൂര്യനെയെന്തേ മറച്ചൂ.....

നിന്നോമൽ പൂവിനോടൊപ്പം നീയുമാ
സ്വർലോക സീമയിലെത്തി
എങ്കിലും സൂര്യനായ് കത്തിജ്വലിക്കുംനീ
ആസ്വാദക ഹൃത്തിലെന്നും.
ഹേ പാട്ടുകാരാ...നിന്നാത്മശാന്തിക്കായ്
അർപ്പിക്കുന്നർച്ചനാപുഷ്പം


ഐശ്വര്യ . എ



# ചിത്രകഥ

## ചങ്ങാതികൾ























*RENJITH R*




മിഴി


GOVT. S.V.HIGHER SECONDARY SCHOOL


മിഴി